# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**31.05.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചതിരിഞ്ഞ് 3.30-ന് സെക്രട്ടേറിയറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.05.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2013-14 വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 105728 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുള്ളതായി വിലയിരുത്തി. ഇവയുടെ മൊത്തം അടങ്കൽ തുക 5421 കോടി രൂപയാണ്. എന്നാൽ 741 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 20538 പ്രോജക്ടുകളുടെ മാത്രമേ വെറ്റിംഗ് പൂർത്തീകരിച്ചിട്ടുള്ളൂ എന്നു നിരീക്ഷിക്കുകയുണ്ടായി. വെറ്റിംഗ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ പ്രത്യേക പരിശ്രമം നടത്തുന്നതിന് തീരുമാനിച്ചു.

2.2 ആസൂത്രണബോർഡ് തയ്യാറാക്കി സമർപ്പിച്ച ജില്ലാ പദ്ധതി രൂപീകരണത്തിനുള്ള കരട് രേഖ ചർച്ച ചെയ്തു. കഴിഞ്ഞ വർഷം 'കില' തയ്യാറാക്കിയ കരട് രേഖ കുറേക്കൂടി പ്രായോഗികതയുള്ളതാണെന്ന അഭിപ്രായം ഉയർന്നു വന്നു. അതിനെക്കുറിച്ച് ആസൂത്രണബോർഡിന്റെ അഭിപ്രായം കൂടി ലഭ്യമാക്കിയശേഷം നടപ്പിലാക്കാൻ തീരുമാനിച്ചു.

2.3 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ടായത് ഷോർട്ട്ഫാൾ വ്യത്യാസം ശരിയാക്കുന്നതിലും, ലോകബാങ്ക് സഹായം റിലീസ് ചെയ്യുന്നതിലും ഉണ്ടായ താമസമാണെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ ഇത് സമീപ ദിവസങ്ങളിൽ പരിഹരിക്കുന്നതാണെന്ന് വിലയിരുത്തി. എങ്കിലും ഇതു പരിഗണിച്ച് ഡാറ്റാഎൻട്രിക്കുള്ള സമയപരിധി 2013 ജൂൺ 15 വരെ നീട്ടിക്കൊടുക്കാൻ തീരുമാനിച്ചു. പിന്നീട് യാതൊരു കാരണവശാലും സമയം ദീർഘിപ്പിച്ചു നൽകുന്നതല്ലെന്നും തീരുമാനിച്ചു.

2.4 റ്റി.എസ്.പി. ഫണ്ട് വകയിരുത്തിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യോഗം വിലയിരുത്തി. പട്ടികവർഗ കുടുംബങ്ങൾ ഇല്ലാത്തതോ 2001 സെൻസസ് രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ എണ്ണമുള്ള പട്ടികവർഗ കുടുംബങ്ങൾ ഉള്ളതോ ആയ 30ലേറെ ഗ്രാമപഞ്ചായത്തുകൾ ഉള്ളതായിട്ടാണ് അറിയുന്നത്. മറ്റു ചില ഗ്രാമപഞ്ചായത്തുകളിൽ ഇനി റ്റി.എസ്.പി. ഫണ്ട് ഉപയോഗിക്കാൻ സാദ്ധ്യത യില്ലാത്ത സാഹചര്യവുമുണ്ട്. അവിടങ്ങളിലെ പട്ടികവർഗ കുടുംബങ്ങൾക്ക് എല്ലാത്തരം ആനുകൂല്യങ്ങളും നൽകിക്കഴിഞ്ഞതാണ് ഇതിനു കാരണം. എസ്.സി.പി. ഫണ്ട് അർഹമായതിലും കൂടുതൽ ചില പഞ്ചായത്തുകൾക്ക് അനുവദിച്ചതായി കാണുന്നു. അതിനാൽ എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് വിനിയോഗിക്കാൻ ഒരു തരത്തിലും സാദ്ധ്യത ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മതിയായ കാരണങ്ങൾ രേഖപ്പെടുത്തിയും മാനദണ്ഡങ്ങൾ പാലിച്ചും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ/പട്ടികവർഗ എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയോടെ എസ്.സി.പി./റ്റി.എസ്.പി ഫണ്ട് 3604 ഹെഡിലേയ്ക്ക് തിരിച്ചടയ്ക്കാൻ അനുവദിച്ചു. ഇതിനുവേണ്ട പദ്ധതി തയ്യാറാക്കാൻ കോഡ് നൽകാനും തീരുമാനിച്ചു.

2.5 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മേഖല/ഉപമേഖല/സൂക്ഷ്മമേഖലാ കോഡുകൾ പുതുതായി രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള

കത്തുകളും നിവേദനങ്ങളും യോഗം ചർച്ച ചെയ്തു. കോഡുകൾ പരിഷ്ക്കരിക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും മറ്റുമായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിയതും അഭിപ്രായങ്ങൾ അറിയിക്കാൻ 10 ദിവസത്തെ സമയം അനുവദിച്ച് എല്ലാവർക്കും അവസരം നൽകിയിരുന്നതുമാണെന്നും, പ്രസ്തുത അവസരം പ്രയോജനപ്പെടുത്താതെയാണ് ഇപ്പോഴും അപേക്ഷകൾ സമർപ്പിക്കുന്നതെന്നും യോഗം നിരീക്ഷിച്ചു. പുതുതായി കോഡുകൾ ചേർക്കുന്നതിനനുസരിച്ച് സോഫ്ട്‌വെയറിൽ മാറ്റം വരുത്തേണ്ടി വരുമെന്നും അത് പദ്ധതി രൂപീകരണ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതുമാണെന്നും അഭിപ്രായം ഉയർന്നു. പൊതുവായ (generic) കോഡുകൾ നിലവിലുള്ളത് അവലംബിച്ചാൽ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണെന്നും ഓരോ പ്രവർത്തനത്തിനും ഉപപ്രവർത്തനത്തിനും വീണ്ടും വീണ്ടും കോഡുകൾ സൃഷ്ടിക്കുന്നത് പ്രായോഗികമല്ലെന്നും യോഗം വിലയിരുത്തിയെങ്കിലും ഇന്നുവരെ ലഭിച്ച എല്ലാ അഭിപ്രായങ്ങളും അപേക്ഷകളും പരിഗണിച്ച് സാദ്ധ്യമായ കോഡുകൾ കൂടി രൂപീകരിക്കാൻ ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇതിനുശേഷം പുതിയ കോഡുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**2.6** ബഹുവർഷ പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ആദ്യവർഷം തന്നെ ബഹുവർഷ പ്രോജക്ടിന് എല്ലാ വർഷവും ചേർത്തുള്ള അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ വീണ്ടും ഓരോ വർഷവും അംഗീകാരം വാങ്ങേണ്ടതില്ലെന്ന് നിരീക്ഷിച്ചു.

**2.7** നിർവഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പൂർത്തീകരണപത്രം റിപ്പോർട്ട് ചെയ്തത് ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പരിഷ്ക്കരിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

**2.8** 2013-14 വർഷത്തെ പദ്ധതികൾക്ക് ബജറ്റിനു വിധേയമല്ലാതെ അംഗീകാരം വാങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിന് അനുസൃതമായി വാലിഡേഷൻ ക്രമീകരിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**2.9** മാറ്റം ആവശ്യമില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ സ്പിൽഓവർ പ്രോജക്ടുകൾക്ക് മാറ്റം അനിവാര്യമാണെന്ന് ഭരണസമിതിക്ക് ബോധ്യമുണ്ടെങ്കിൽ അപ്രകാരം ചെയ്യാമെന്നും, എന്നാൽ പ്രോജക്ട് സ്വഭാവം മാറുന്നതിനാൽ അതിനനുസൃമായ നടപടിക്രമം പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം.30054/ഡി.എ2/13/തസ്വഭവ) തീയതി.31.05.2013

പഞ്ചായത്തിന്റെ ആവശ്യം പ്രത്യേകമായി പരിഗണിച്ച് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം.30818/ഡി.എ3/13/തസ്വഭവ) തീയതി.31.05.2013

വകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ശുചിത്വ മിഷൻ മാലിന്യ സംസ്ക്കരണം സംബന്ധിച്ച് (ഫയൽ നം.31399/ഡി.എ1/13/തസ്വഭവ) തീയതി.31.05.2013

09.04.2013-ലെ സ.ഉ.(സാധാ)നം.966/13/തസ്വഭവ ഉത്തരവു പ്രകാരമുള്ള കമ്മിറ്റി മതിയാകുമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കൺസോർഷ്യം ഓഫ് പാലിയേറ്റീവ് കെയർ ഇനിഷ്യേറ്റീവ്**
**(ഫയൽ നം.33078/ഡി.എ2/13/തസ്വഭവ)തീയതി.31.05.2013**

ചികിത്സാ സംവിധാനങ്ങൾ ആവശ്യമുള്ളവ ഇപ്പോൾ തന്നെ ലഭിക്കുന്നുണ്ടെന്നതിനാൽ സംഘടനയുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മുഹമ്മ ഗ്രാമപഞ്ചായത്ത് (ഫയൽ നം.6088 /ഡി.എ2/13/തസ്വഭവ)**
**തീയതി.31.05.2013**

പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ആളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.30269/എഫ്.എം.3/13/തസ്വഭവ)**

**തീയതി. 31.05.2013**

31.05.2013 വരെ മാത്രം തനത്ഫണ്ടിൽ നിന്നും ചെലവു തുക നൽകാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ദേശീയ പഞ്ചായത്ത് ദിനാഘോഷം - യാത്രാചെലവ്**
**(ഫയൽ നം.29474/ഇ.എം.3/13/തസ്വഭവ)തീയതി.31.05.2013**

തനത്ഫണ്ടിൽ നിന്നും ചെലവ് തുക നൽകാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗം സംബന്ധിച്ച്**
**(ഫയൽ നം22971/എഫ്.എം.1/13/തസ്വഭവ) തീയതി.31.05.2013**

ലോകബാങ്ക് ധനസഹായം ലാപ്സാകാതെ ക്യാരിഓവർ ചെയ്യാമെന്ന് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.32225/ഡി.എ.1/13/തസ്വഭവ))**
**തീയതി.31.05.2013**

ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന വിഷയം സംബന്ധിച്ച് 22.05.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 2.4 ഇനമായി തീരുമാനിച്ചിട്ടുണ്ടെന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ചെറുകാവ് ഗ്രാമപഞ്ചായത്ത് -(ഫയൽനം.77625/ഡി.സി.1/12/തസ്വഭവ)**
**തീയതി.31.05.2013**

ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വരെ നൽകാമെന്ന നിർദ്ദേശത്തോടെ നടപടി അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കാലടി ഗ്രാമപഞ്ചായത്ത് (തീയതി.31.05.2013)**

പൊതുവിഷയങ്ങൾ ഇനം 2.4 ബാധകമാണ് എന്ന് യോഗം അഭിപ്രായപ്പെട്ടു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 32247/ഡി.എ1/13/തസ്വഭവ) തീയതി.3105.2013**

ഈ വിഷയത്തിൻമേൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി. (ഫയൽ നം. 43416/ഡി.എ1/13/തസ്വഭവ)തീയതി.31.05.213**

ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കാർഷിക മേഖലയിൽ പദ്ധതി വിഹിതം ചെലവാക്കുന്നത് സംബന്ധിച്ച് (ഫയൽ നം. 63013/ഡി.എ1/13/തസ്വഭവ) തീയതി. 31.05.2013**

ഈ വിഷയത്തിൽ നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മേലാറ്റൂർ ഗ്രാമപഞ്ചായത്ത് (തീയതി. 31.05.2013)**

പൊതു വിഷയങ്ങൾ ഇനം 2.3, 2.4 എന്നിവ ബാധകമാണെന്ന് അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കരൂർ ഗ്രാമപഞ്ചായത്ത് (തീയതി. 31.05.2013)**

വനിത ക്യാൻസർ നിർണ്ണയ മെഡിക്കൽ ക്യാമ്പ് തനത് ഫണ്ട് ഉപയോഗിച്ച് നടത്താവുന്നതാണെന്നന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി. 31.05.2013)**

ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രോജക്ടുകളുടെ ഭേദഗതിക്ക് ഇപ്പോൾ തന്നെ വ്യവസ്ഥയുള്ളതാണെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കോഴിക്കോട് ജില്ലാ പഞ്ചായത്ത് തീയതി. 31.05.2013**

നിക്ഷേപിച്ചിരിക്കുന്ന തുക നിലവിലെ നിയമപ്രകാരം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മലപ്പുറം ജില്ലാ പഞ്ചായത്ത് തീയതി. 31.05.2013**

ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രോജക്ടുകളുടെ ഭേദഗതിക്ക് ഇപ്പോൾ തന്നെ വ്യവസ്ഥയുള്ളതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (ഫയൽ നം. 30299/ഡി.എ1/13/തസ്വഭവ) തീയതി. 31.05.2013**

ഒരാളിന് നൽകാവുന്ന ഫീസ് 18000 രൂപയായി വർദ്ധിപ്പിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി. 31.05.2013)**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരിഹരിച്ചുകൊണ്ടിരിക്കുന്ന തിനാൽ പ്രത്യേക നടപടി ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ നിവേദനം**

**തീയതി. 31.05.2013**

ഗുഡ് സർവീസ് എൻട്രി നൽകുന്നതിനാൽ സംഘടനയുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 2445/ഡി.ബി.1/13/തസ്വഭവ)**

**തീയതി. 31.05.2013**

ജില്ലാ പഞ്ചായത്തിന്റെ മുട്ട-കോഴി ഉത്പാദന പ്രോജക്ടിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 32637/ഡി.ഡി.2/13/തസ്വഭവ)**

**തീയതി. 31.05.2013**

അംഗൻവാടികൾക്കുള്ള പ്രോജക്ടിന് അംഗീകാരം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം.69170/ഡി.ബി.3/12/തസ്വഭവ)**

**തീയതി. 31.05.2013**

ഈ വിഷയത്തിൽ ഭരണ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽനം.30183/ഡി.ബി.3/13/തസ്വഭവ)**

**തീയതി. 31.05.2013**

ജില്ലാ പഞ്ചയത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 33002/ഡി.എ2/13/തസ്വഭവ)**

**തീയതി. 31.05.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ഈ പ്രാവശ്യത്തേയ്ക്കു മാത്രമായി അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറിയുടെ കത്ത് (തീയതി. 31.05.2013 )**

പൊതുവിഷയങ്ങൾ ഇനം 2.5 ബാധകമാണ് എന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (തീയതി. 31.05.2013)**

ഫൗണ്ടേഷന്റെ ആവശ്യത്തിൻമേൽ ഇപ്പോൾ നടപടി ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം 5 മണിക്ക് അവസാനിച്ചു)**